**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2827** **06-10-2025 - ൽ മറുപടിയ്ക്ക്**

**തുറമുഖ മേഖലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു, ശ്രീ. കെ.വി.സുമേഷ്, ശ്രീ എം മുകേഷ് , ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുറമുഖ മേഖലയിൽ ഈ സർക്കാർ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ ഫലമായി ഈ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് 7 തുറമുഖങ്ങളാണ് നിലവിൽ പ്രവർത്തനക്ഷമമായിയുള്ളത്. കൊച്ചി തുറമുഖം മേജർ തുറമുഖമായതിനാൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കൊച്ചിൻ പോർട്ട് അതോറിറ്റിയാണ് വികസന പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നത്. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് സംസ്ഥാന സർക്കാരിന്റെ പി. പി. പി മാതൃകയിലുള്ള തുറമുഖമാണ്. കിൻഫ്രയുടെ കൂടി പങ്കാളിത്തമുള്ള കോട്ടയം ഇന്നലാൻഡ് കൺടെയ്നർ ടെർമിനൽ ഉൾനാടൻ ജലാശയ തുറമുഖമാണ്. കേരളാ മാരിടൈം ബോർഡിന് കീഴിൽ കോവളം -വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളാണ് പ്രവർത്തനക്ഷമമായിയുള്ളത്. കേരളാ മാരിടൈം ബോർഡിന് കീഴിലുള്ള തുറമുഖങ്ങളിൽ വിദേശകപ്പലുകൾ അടക്കമുള്ള എല്ലാ ഇടത്തരം യാനങ്ങളും അടുപ്പിക്കുവാനുള്ള കപ്പൽ ചാലിന്റെ ആഴവും, ആവശ്യമായ വാർഫും, ചരക്കിറക്കത്തിനും കയറ്റത്തിനും ആവശ്യമായ യന്ത്രസാമഗ്രികളും ചരക്ക് സൂക്ഷിക്കാനാവശ്യമായ വെയർഹൌസ് സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ വലിയ കപ്പലുകൾ അടുപ്പിക്കുന്നതിനാ വശ്യമായ കപ്പൽചാൽ ആഴം കൂട്ടുന്ന പ്രവൃത്തിയും അധികമായി വർഫുകൾ പണിയുന്ന പ്രവൃത്തിയും കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയുടെ കൂടി സഹായത്തോടെ നടപ്പാക്കുന്നതിനായി പാരിസ്ഥിതിക പഠനം നടന്നു വരുന്നു. പാരിസ്ഥിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.<br><br>അഴിക്കൽ തുറമുഖത്തിന്റെ ആഴം കൂട്ടുന്ന പദ്ധതിയും പരിഗണനയിലാണ്. വിദേശ കപ്പലുകൾ അടുപ്പിക്കുവാനാവശ്യമായ സെക്യൂരിറ്റി സർട്ടിഫിക്കേ ഷനായ ഐ.എസ്. പി. എസ് എല്ലാ തുറമുഖങ്ങൾക്കും ലഭ്യമായിട്ടുണ്ട്. ഇമിഗ്രേഷൻ ക്ലിയറൻസ് തുറമുഖത്തിൽ വച്ച് തന്നെ നടത്തുവാനുള്ള ഐ. സി. പി സൗകര്യവും കോവളം - വിഴിഞ്ഞം, ബേപ്പൂർ, കൊല്ലം തുറമുഖങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖത്തിന്റെ മാതൃകയിൽ മാരിടൈം ബോർഡിന്റെ കീഴിലുള്ള |

തുറമുഖങ്ങളും സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാനുള്ള നിർദ്ദേശവും സർക്കാർ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്തെ നോൺ മേജർ തുറമുഖങ്ങൾ ഇടത്തരം കപ്പലുകൾ വഴിയുള്ള ചരക്ക് യാത്രാ ഗതാഗതത്തിന് പ്രാപ്തമായിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട രണ്ട് തുറമുഖങ്ങളിൽ വരുന്ന ചരക്കുകൾ കടൽ വഴിതന്നെ മറ്റിടങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെടാനാകും. അതോടൊപ്പം തുറമുഖ അനുബന്ധ പ്രവർത്തനങ്ങളായ ബങ്കറിങ്, ഷിപ്പിലേക്കുള്ള സാധനങ്ങൾ കൈമാറൽ, ഷിപ്പ് റിപ്പയർ, ക്രൂ ചേഞ്ച് എന്നീ പ്രവർത്തനങ്ങളും ഈ തുറമുഖങ്ങൾ വഴി നടന്ന് വരുന്നു. കേരളാ തീരത്ത് അപകടത്തിൽപ്പെട്ട എം.എസ്.സി എൽസ കപ്പലിന്റെ സാൽവെജ് ഓപ്പറേഷൻ കൊല്ലം തുറമുഖം കേന്ദ്രീകരിച്ചാണ് നടക്കുന്നത്. ഇതോടൊപ്പം തുറമുഖത്തിന്റെ ഉടമസ്ഥതയിലുള്ളതും ഭാവി തുറമുഖ വികസനത്തിന് പ്രയോജനപ്പെടുത്താൻ സാധ്യത യില്ലാത്തതുമായ തുറമുഖ ഭൂമിയും മറ്റ് ആസ്തികളും സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത് വഴി സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാനും കഴിയുന്നുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ 2024 ജൂലൈ മാസം 11-ാം തീയതിയും വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 2024 ഡിസംബർ മാസം 3-ാം തീയതിയും ആരംഭിക്കുകയുണ്ടായി. ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തു തുടങ്ങിയതിനു ശേഷം നാളിതുവരെ തുറമുഖത്തിന്റെ പ്രവർത്തനം വിജയകരമായി പുരോഗമിക്കുകയാണ്. 2025 സെപ്റ്റംബർ മാസം 30- ആം തീയതി വരെ 507 കപ്പലുകൾ തുറമുഖത്തിലെത്തുകയും 11,13,208 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെടുകയുമുണ്ടായി.

ട്രയൽ റൺ ആരംഭിച്ചതു മുതൽ 2025 ഓഗസ്റ്റ് മാസം 31- ആം തീയതി വരെ 425.72 കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും നികുതിയിനത്തിൽ 76.63 കോടി രൂപ സർക്കാരിനും ലഭിച്ചു. 2025 ഓഗസ്റ്റ് 31 വരെ തുറമുഖത്തിലെത്തിയ കപ്പലുകളുടെ എണ്ണവും ചരക്കു നീക്കവും വരുമാനവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാന സർക്കാരും പദ്ധതിയുടെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പ് വച്ച കൺസെഷൻ കരാർ പ്രകാരം തുറമുഖ വരുമാനത്തിന്റെ വിഹിതം 2035 മുതൽ സംസ്ഥാന സർക്കാരിനു ലഭിച്ചു തുടങ്ങുന്നതാണ്. 2035 മുതൽ വരുമാന വിഹിതത്തിന്റെ 1% സംസ്ഥാനത്തിന് ലഭിച്ചു തുടങ്ങും. ഇത് വർഷാവർഷം 1% വീതം വർദ്ധിച്ച് പരമാവധി 40% ൽ എത്തുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണ ശേഷി കൈവരിക്കുന്നതോടു കൂടി കേരളത്തിൽ വലിയ തോതിലുള്ള വാണിജ്യ-വ്യാവസായിക വളർച്ചയുണ്ടാകുന്നതിനുള്ള സാധ്യതയുണ്ട്. ഇതിനായി ക്രിയാത്മകമായ പല പദ്ധതികൾക്കും സർക്കാർ രൂപം നൽകി

വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിംഗ് റോഡ്, വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാത്രികോണം മുതലായവ യുദ്ധകാലാടിസ്ഥാനത്തിൽ യാഥാർത്ഥ്യമാക്കി തുറമുഖ നിർമ്മാണം മൂലമുള്ള നേട്ടങ്ങൾ പരമാവധി ഈ മേഖലയിൽ പ്രയോജനപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായുള്ള പ്രാഥമികാനുമതികളും നൽകിക്കഴിഞ്ഞു. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയാണ് NHAI യുമായി ചേർന്ന് ഔട്ടർ റിംഗ് റോഡ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ റോഡുകൾക്കിരുവശങ്ങളിലുമായി 2.5 കിലോമീറ്റർ പ്രദേശം വിവിധങ്ങളായ വ്യവസായവും വാണിജ്യശാലകളും സ്ഥാപിക്കപ്പെടുന്നതോടു കൂടി തിരുവനന്തപുരത്തിന്റെ മുഖഛായ തന്നെ മാറുന്ന ബൃഹത് പദ്ധതിയാണിത്.

ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന മുറയ്ക്ക് എറണാകുളം മുതൽ തെക്കോട്ടുള്ള ഇതര ജില്ലകളിലും നിരവധി ലോജിസ്റ്റിക് പാർക്കുകളും വ്യവസായശാലകളും വരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ മേഖലകളിലേക്ക് മൂലധനം ആകർഷിക്കുന്നതി ലേക്കായി ജനുവരി 29, 30 തീയതികളിൽ വിഴിഞ്ഞം കോൺക്ലേവ്, ഫെബ്രുവരി 21, 22 തീയതികളിൽ ഇൻവെസ്റ്റ് കേരള സമ്മിറ്റ് എന്നിവ നടത്തുകയുണ്ടായി. ഇതിലൂടെ തെക്കൻ കേരളമുൾപ്പെടെ എല്ലാ ജില്ലകളിലും തുറമുഖാധിഷ്ഠിത വ്യവസായങ്ങളുടെയും ലോജിസ്റ്റിക് സേവന ദാതാക്കളുടെയും ഒരു ശൃംഖല തന്നെ അടുത്ത 5 വർഷത്തിനുള്ളിൽ രൂപം കൊള്ളുന്നതാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനോടൊപ്പം കേരളത്തിലെ ഇതര തുറമുഖങ്ങളുടെയും വളർച്ച ത്വരിതപ്പെടുത്തുന്നതിന് Hub & Spoke മാതൃകയിൽ ഇതര തുറമുഖങ്ങളിൽ നിന്നും വിഴിഞ്ഞത്തേക്ക് ചരക്കു നീക്കം നടത്തുന്നതിനായുള്ള നടപടികളും ആരംഭിക്കുന്നതാണ്.

തുറമുഖാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മറ്റി (PIC) VISL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കണ്ടെത്തുന്നതിനായുള്ള നടപടികളും ത്വരിത ഗതിയിൽ പുരോഗമിക്കുന്നുണ്ട്.

| **Month** | **No. of Vessels** | **No. of TEUs** | **User fee collected (in Rs Cr.)** <br> **(exclusive of GST)** |
|---|---|---|---|
| Trial Operation Period <br> (11th Jul 2024 - 02nd Dec 2024) | 71 | 1,47,818 | 94.31 |

| | | | |
|---|---|---|---|
| Dec-24 | 33 | 67,338 | 32.79 |
| Jan-25 | 45 | 85,635 | 45.65 |
| Feb-25 | 40 | 78,833 | 27.29 |
| Mar-25 | 51 | 1,08,770 | 38.65 |
| Apr-25 | 45 | 1,04,413 | 35.16 |
| May-25 | 49 | 1,14,432 | 39.56 |
| Jun-25 | 43 | 95,573 | 32.65 |
| Jul-25 | 42 | 1,05,228 | 38.24 |
| Aug-25 | 49 | 1,18,943 | 41.42 |
| **Total** | **468 vessels** | **10,26,983 TEUs** | **Rs.425.72 Cr.** |

| | | | |
|---|---|---|---|
| (ബി) | പ്രധാന ഇറമുഖങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് നടത്തുന്ന അടിസ്ഥാന സൗകര്യ വിപുലീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദീകരിക്കുമോ; | (ബി) | വിഴിഞ്ഞം ഇറമുഖവുമായി ബന്ധപ്പെട്ട് ആർബിട്രേഷൻ നടപടികൾ ഒത്തുതീർപ്പായതിന്റെ വ്യവസ്ഥ പ്രകാരം AVPPL 2028 ഡിസംബറിന് മുമ്പ് തന്നെ ഇറമുഖത്തിന്റെ ഇടർ ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. ഇടർ ഘട്ടങ്ങൾ പൂർത്തിയാകുമ്പോൾ ആകെ 2000 m നീളത്തിൽ ബെർത്തും പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ പുലിമുട്ടിന്റെ നീളവും റിക്ലമേഷൻ പ്രവൃത്തികളും വിഴിഞ്ഞം ഇറമുഖവുമായി ബന്ധപ്പെട്ട് ആവശ്യമായ യന്ത്രോപകരണങ്ങളുടെ സ്ഥാപിക്കലും പൂർത്തീകരിക്കും. ടി ഘടകങ്ങൾ പൂർത്തീകരിക്കുന്ന തോടു കൂടി ഇറമുഖത്തിന്റെ ശേഷി പ്രതിവർഷം 3 മില്യൺ TEU ആയി ഉയരുന്നതാണ്. ഇടർ ഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്. ടി തുക പൂർണ്ണമായും AVPPL വഹിക്കുന്നതുമാണ്. നിലവിൽ ഇടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള Detailed Design ഉം മറ്റും പദ്ധതിയുടെ Independent Engineer മുഖേന പരിശോധിച്ച് വരികയാണ്. ഇടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.<br><br>**<u>ഇറമുഖത്തേയ്ക്കുള്ള റോഡ് കണക്ടിവിറ്റി സംബന്ധിച്ച്</u>**<br><br>ഇറമുഖത്തെ എൻ.എച്ച് 66-മായി ബന്ധിപ്പിക്കുന്ന 1.7 കി.മി നീളമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കണ്ടെയ്നർ നീക്കം സുഗമമാക്കുന്നതിനായി ഇറമുഖ റോഡ് എൻ.എച്ച് 66-മായി ചേരുന്ന ഭാഗത്ത് ക്ലോവർ ലീഫ് മാതൃകയിൽ വികസിപ്പിക്കുന്നതും സർക്കാർ പരിഗണിക്കുന്നുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരം ജംഗ്ഷൻ നിർമ്മാണം നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുമെന്നതിനാൽ, ഇറമുഖത്തിൽ നിന്നും റോഡ് മുഖാന്തിരമുള്ള ചരക്ക് നീക്കം പ്രാവർത്തികമാക്കുവാനായി താൽക്കാലിക സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.<br><br>**<u>ഇറമുഖത്തേയ്ക്കുള്ള റെയിൽ കണക്ടിവിറ്റി സംബന്ധിച്ച്</u>** |

| | | | |
|---|---|---|---|
| | | | തുറമുഖത്തിന്റെ തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതോടൊപ്പം തുറമുഖത്തിലേക്കുള്ള റെയിൽ കണക്റ്റിവിറ്റി പൂർത്തീകരിക്കുവാനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടു വരുന്നു. കൺസഷൻ എഗ്രിമെൻറ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ടതിന്റെ ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടു ത്തിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR പ്രകാരം 10.7 കി.മി ദൈർഘ്യമുള്ള ഒരു റെയിൽപ്പാതയാണ് വിഭാവനം ചെയ്തിട്ടുള്ളത്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ടി പാതയുടെ 9.02 കി.മി ദൂരവും ടണലിലൂടെയാണ് കടന്നു പോകുന്നത്. 5.526 ഹെക്ടർ സ്ഥലമേറ്റെടുക്കൽ (198 കോടി രൂപ) ഉൾപ്പെടെ 1482.92 കോടി രൂപയാണ് റെയിൽപ്പാതയ്ക്കായുള്ള ആകെ പദ്ധതിച്ചെലവായി കണക്കാക്കിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR ദക്ഷിണ റെയിൽവേയുടെ അംഗീകാരം 2022 മാർച്ചിൽ തന്നെ ലഭിച്ചിരുന്നു. കൂടാതെ, പദ്ധതിയ്ക്കാവശ്യമായ പാരിസ്ഥിതികാനുമതിയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. റെയിൽ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | വിഴിഞ്ഞം തുരങ്ക റെയിൽപ്പാതാ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവേ ശൃംഖലയുമായി ബന്ധിപ്പിച്ച് ചരക്ക് നീക്കം ട്രെയിൻ മാർഗം സുഗമമാക്കുക എന്ന സുപ്രധാന ലക്ഷ്യത്തോടെയാണ് വിഴിഞ്ഞം - ബാലരാമപുരം തുരങ്ക റെയിൽപ്പാത നിർമ്മാണ പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്. സർക്കാർ നിയോഗിച്ച കൊങ്കൺ റെയിൽവേ കോർപ്പറേഷൻ മുഖേന തയ്യാറാക്കിയ ഭൂഗർഭ റെയിൽ പാതയുടെ DPR-ന് 16/03/2022 ൽ ദക്ഷിണ റെയിൽവെയുടെ അംഗീകാരം ലഭിച്ചു. ഈ പാതയുടെ പാരിസ്ഥിതികാനുമതി 17/07/2024 ന കേന്ദ്ര പാരിസ്ഥിതിക വകുപ്പിൽ നിന്നും ലഭിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവെയുമായി ബന്ധിപ്പിക്കുന്ന റെയിൽപാത യുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. ബാലരാമപുരം ഭാഗത്തെ സ്ഥലമെടുപ്പ് അന്തിമഘട്ടത്തിലാണ്. കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ഇ.പി.സി. ടെൻഡർ രേഖകൾ സർക്കാർ നിയോഗിച്ച ഉന്നത സമിതി പരിശോധിച്ചു വരുന്നുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഉടൻ തന്നെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 10.7 km നീളമുള്ള റെയിൽപാതയിൽ, ഇവിടുത്തെ ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം 9.0 km തുരങ്കപാതയായാണ് നിലവിൽ വിഭാവനം ചെയ്തിട്ടുള്ളത്. ബാലരാമപുരം റെയിൽവേ സ്റ്റേഷൻ, തുറമുഖം എന്നിവയുടെ സ്ഥാനം പരിശോധിച്ച് ജനവാസ മേഖല കഴിയുന്നത്ര ഒഴിവാക്കിയാണ് നിലവിൽ റെയിൽപാത വിഭാവനം ചെയ്തിരിക്കുന്നത്. തുരങ്ക പാതയുടെ സിംഹഭാഗവും (ഏകദേശം 70%) ബാലരാമപുരം - വിഴിഞ്ഞം റോഡിന്റെ അടിയിലൂടെ ആണ് പോകുന്നത്. ഈ പ്രദേശങ്ങളിൽ കൂടി ഏകദേശം 25-30 മീറ്റർ താഴ്ചയിൽ ആണ് തുരങ്കം നിർമ്മിക്കപ്പെടുന്നത്. |

| | | | |
|---|---|---|---|
| | | | ബാലരാമപുരം റെയിൽവേ സ്റ്റേഷന് സമീപം ബാലരാമപുരം, പള്ളിച്ചൽ, വില്ലേജുകളിൽപ്പെട്ട 4.697 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്. വിഴിഞ്ഞം വില്ലേജിൽപ്പെട്ട 0.829 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്ന ക്രമീകരണങ്ങൾ പുരോഗമിച്ചു വരുന്നു. 5.526 ഹെക്ടർ സ്ഥലമേറ്റെടുക്കൽ (198 കോടി രൂപ) ഉൾപ്പെടെ 1482.92 കോടി രൂപയാണ് തുരങ്ക റെയിൽപ്പാതയ്ക്കായുള്ള ആകെ പദ്ധതിച്ചെലവായി കണക്കാക്കിയിട്ടുള്ളത്.<br><br>കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളായ പ്രധാൻ മന്ത്രി ഗതിശക്തി, Scheme for Special Assistance to States for Capital Investment, സാഗർമാല, റെയിൽ സാഗർ തുടങ്ങിയവയിലൂടെ പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, 20/03/2025 ൽ വിഴിഞ്ഞം - ബാലരാമപുരം തുരങ്ക റെയിൽപ്പാത പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നിർമാണം ഉടൻ ആരംഭിക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ കൊങ്കൺ റെയിൽവേ സ്വീകരിച്ചു വരുന്നു. |
| (ഡി) | വിഴിഞ്ഞം തുറമുഖത്തിന്റെ മികവ് സംബന്ധിച്ച് കോമൺവെൽത്ത് യൂണിയൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തന മികവിനെ സംബന്ധിച്ച് കോമൺവെൽത്ത് യൂണിയൻ പ്രസിദ്ധീകരിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെയും നൽകിയ സേവനങ്ങളെയും പ്രകീർത്തിച്ചുകൊണ്ടുള്ള ലേഖനമാണിത്. തുറമുഖത്തിന്റെ മികവ് ഭാവിയിൽ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പ്രസ്തുത ലേഖനത്തിൽ ചില നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. ഇവയൊക്കെത്തന്നെയും സംസ്ഥാന സർക്കാരും തുറമുഖത്തിന്റെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) മായി ചേർന്ന് മുമ്പേ തന്നെ നടപ്പിലാക്കി വരുന്നവയാണ്. |

സെക്ഷൻ ഓഫീസർ